## തിരുവനന്തപുരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ നടപടിക്രമം (ഹാജർ:-അലക്സ് വർഗ്ഗീസ്)

വിഷയം:-ജലസേചനം -വിജിലൻസ് -അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്ന ക്ലാർക്കായ ശ്രീ. കെ.എസ്.മുരളി- യെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം::- .

1) 31.10.2009-ലെ വിജി.7/2222/2008 നമ്പർ കുറ്റപത്രം
2) 13.06.2013 -ലെ വിജി.7/2222/2008 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3)25.03.2021 -ലെ വിജി.7/2222/2008 നമ്പർ ഉത്തരവ് . .
4) 13.12.2021 -ലെ എഐ/2021 നമ്പർ അന്വേഷണ റിപ്പോർട്ട്
5) 06.01.2022 -ലെ വിജി.7/2222/2008 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**ഉത്തരവ് നമ്പർ വിജി. 7/2222/2008 തീയതി 08/04/2022**

പടിഞ്ഞാറേത്തറ, ബി.എസ്.പി. ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ എൽ.ഡി ക്ലാർക്കായിരുന്ന ശ്രീ. കെ.എസ്.മുരളി, 5 വർഷത്തെ ശൂന്യവേതനാവധിക്ക് ശേഷം 01.01.2007-ൽ ജോലിയിൽ പുനപ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്നു. 1960 കേരള സിവിൽ സർവ്വീസ് ( തരം തിരിക്കലും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കുറ്റപത്രം നൽകി. എന്നാൽ ടിയാനിൽ നിന്നും കൈപ്പറ്റു പ്രതിയോ പ്രതിവാദപത്രികയോ ലഭിക്കാത്തതിനാൽ പത്ര പരസ്യം നൽകി. എന്നിട്ടും യാതൊരു പ്രതികരണവും ലഭിച്ചില്ല. അതിനാൽ, ചട്ടമനുസരിച്ച് ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, 31.12.2006 തിയതി മുതൽ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താല്കാലികമായി തീരുമാനിച്ചു കൊണ്ട്, 13.06.2013-ലെ വിജി. 7/2222/08 നമ്പർ കാരണം കാണിക്കൽ നോട്ടീസ് പരാമർശം (2) പ്രകാരം നൽകുകയുണ്ടായി. ആയതിന് ലഭ്യമായ മറുപടി തൃപ്തികരമായിരുന്നില്ല. തുടർ പരിശോധനയിൽ ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്താതെയുള്ള, പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് നിലനിൽക്കുന്നതല്ല എന്നു കണ്ടെത്തി. അതിനാൽ പരാമർശം (3) പ്രകാരം, ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചു.

പരാമർശം (4) പ്രകാരം ലഭ്യമായ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശ്രീ.മുരളി കെ.എസ്.വർഷങ്ങളായി പ്ലാനറ്റ് മോഡിഫ്ക്കേഷൻ കമ്പനി, കുവൈറ്റ് എന്ന സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നതായി അറിയിച്ചിരുന്നു.

സർക്കാർ സർവ്വീസിലിരിക്കെ ഇന്ത്യയ്ക്കകത്ത് ജോലി ചെയ്യുവാനായി, 5 വർഷത്തെ ശൂന്യവേതനാവധി എടുക്കുകയും, യഥാസമയം തിരികെ ജോലിയിൽ പ്രവേശിക്കാതിരിക്കുക മാത്രമല്ല, തുടർന്ന്, അവധി അനുമതി ഇല്ലാതെ വിദേശത്ത് ജോലിയിൽ തുടരുകയാണെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടിരിക്കുന്നു. ആയത്, ക്ലാർക്കായ ശ്രീ.മുരളി കെ.എസ്.ന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപം ആണ്. ടിയാനെതിരെ സർക്കാർ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അന്വേഷ

ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിരിക്കുന്നു. അതിനാൽ 1960-ലെ KCS(C C & A) ചട്ടങ്ങൾ പ്രകാരം 01.01.2007 തീയതി മുതൽ, സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്കാലിക തീരുമാനം അറിയിച്ചുകൊണ്ടുള്ള 06.01.2022-ലെ വിജി.7/ 2222/2008 നമ്പർ കാരണം കാണിക്കൽ നോട്ടീസ് (പരാമർശം 5) ടിയാന്റെ ലഭ്യമായ മേൽവിലാസത്തിൽ അയച്ചു. (അനുഗ്രഹ, പള്ളിമുക്ക്, കമ്പളക്കാട് പി.ഒ, വയനാട് ) കൂടാതെ muraliagritech@gmail.com

എന്ന ഇമെയിലിലും അയച്ചു. 02.03.2022-ൽ 96897904050 എന്ന നമ്പരിൽ ടിയാനുമായി ഫോണിൽ ബന്ധപ്പെട്ട ശേഷം വീണ്ടും ഇമെയിൽ അയച്ചു.

കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം മറുപടി ലഭ്യമായില്ലെങ്കിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, സർക്കാർ സർവ്വീസിൽ നിന്നും, 01.01.2007 തിയതി മുതൽ നീക്കം ചെയ്യാനുള്ള താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണെന്ന വിവരം നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

കാരണം കാണിക്കൽ നോട്ടീസ് ലഭ്യമാക്കിയശേഷം നാളിതുവരേയും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ ക്ലാർക്കായ ശ്രീ. കെ.എസ്.മുരളി- യെ 01.01.2007 തിയതി മുതൽ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട്, അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ.കെ.എസ്.മുരളി,
അനുഗ്രഹ, പള്ളിമുക്ക്, കമ്പളക്കാട് പി.ഒ, വയനാട്,
muraliagritech@gmail.com
Mob.No. 96897904050

ചീഫ് എഞ്ചിനീയർ

പകർപ്പ് :
1)സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്ട് സർക്കിൾ, കണ്ണൂർ
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബി.എസ്.പി. ഡിവിഷൻ,പടിഞ്ഞാറേത്തറ
2) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇറിഗേഷൻ